# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **16.08.2017-ൽ**
**ചോദ്യം നം.2140** **മറുപടിയ്ക്ക്**

## റാന്നിയിൽ കിൻഫ്രയ്ക്ക് അനുവദിച്ച ഭൂമിയിൽ വ്യവസായ സംരംഭം

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനക്ഷേമവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| **എ)** | റാന്നിയിൽ കിൻഫ്രയ്ക്ക് അനുവദിച്ച ഭൂമിയിൽ വസ്ത്രനിർമ്മാണ യൂണിറ്റ് ആരംഭിക്കേണ്ടതില്ല എന്ന് കിൻഫ്ര അന്തിമമായി തീരുമാനം എടുത്തിട്ടുണ്ടോ; | **എ)** | ഇല്ല. |
| **ബി)** | ഇതിന് പകരം എന്ത് വ്യവസായ സംരംഭമാണ് ഇവിടെ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി എന്തെങ്കിലും നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ; | **ബി)** | വസ്ത്ര നിർമ്മാണ യൂണിറ്റ് ആരംഭിക്കാൻ സംരംഭകർ മുന്നോട്ട് വരുന്ന പക്ഷം അവർക്ക് പ്രഥമ പരിഗണന നല്കുന്നതാണ്. അല്ലാത്ത പക്ഷം മറ്റ് മേഖലയിലുള്ള സംരംഭകരെ പരിഗണിക്കുന്നതിന് തത്വത്തിൽ തീരുമാനം എടുത്തിട്ടുണ്ട്. |
| **സി)** | ഈ ഭൂമിയുടെ പാട്ടത്തുക എത്രയാണ്; എന്നുമുതൽ ഇതിന് പാട്ടത്തുക അടയ്ക്കുന്നുണ്ട്; ഏതെങ്കിലും വർഷം പാട്ടത്തുക അടയ്ക്കാതിരുന്നിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | **സി)** | 24,856 രൂപയാണ് പാട്ടത്തുക. 2011 മുതൽ പാട്ടത്തുക അടക്കുന്നുണ്ട്. പാട്ടത്തുക കാലാകാലങ്ങളിൽ കൃത്യമായി കിൻഫ്ര അടയ്ക്കാറുണ്ട്. |
| **ഡി)** | വ്യവസായം ആരംഭിക്കാത്ത സാഹചര്യത്തിൽ പാട്ടക്കരാർ കാലഹരണപ്പെടുക വഴി ഭൂമി കിൻഫ്രയ്ക്ക് നഷ്ടപ്പെടുമെന്ന സ്ഥിതി കൂടി പരിഗണിച്ച് അടിയന്തരമായി എന്തെങ്കിലും വ്യവസായ സംരംഭം ഇവിടെ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | **ഡി)** | ഭൂമി നഷ്ടപ്പെടാത്ത രീതിയിൽ വ്യവസായ ആവശ്യത്തിനായി ഭൂമി ഫലപ്രദമായി ഉപയോഗിക്കുന്ന തരത്തിലുള്ള നടപടികളാണ് കിൻഫ്ര സ്വീകരിച്ച് വരുന്നത്. |

**സെക്ഷൻ ഓഫീസർ**